**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 646** **30-01-2024 - ൽ മറുപടിയ്ക്ക്**

**കഞ്ചിക്കോട് റൈസ് പാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പ്രഭാകരൻ** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | പാലക്കാട് കഞ്ചിക്കോട് റൈസ് പാർക്കിന്റെ പ്രവർത്തനം എന്ന് ആരംഭിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ; | (എ) | പാലക്കാട് കിൻഫ്ര മെഗാ ഫുഡ് പാർക്കിൽ നിർമ്മാണം പുരോഗമിക്കുന്ന റൈസ് പാർക്കിന്റെ പ്രവർത്തനം 2024 ജൂൺ മാസത്തോട്ടു കൂടി ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (ബി) | പ്രസ്തുത റൈസ് പാർക്ക് പ്രവർത്തനം ആരംഭിക്കുന്നതോട്ടുകൂടി പാലക്കാട് ജില്ലയിലെ നെൽകർഷകർക്ക് എന്തെല്ലാം നേട്ടങ്ങൾ ഉണ്ടാകും എന്ന് അറിയിക്കാമോ? | (ബി) | പ്രസ്തുത പാർക്കിൽ 6000 മെട്രിക് ടൺ സൈലോ സ്റ്റോറേജും ഒരു ദിവസം 80 മെട്രിക് ടൺ നെല്ല് കുത്തി അരിയാക്കുന്നതിനുള്ള മെഷിനറികളുമാണ് വിഭാവനം ചെയ്തിരിക്കുന്നത്. ആയതിനാൽ പദ്ധതി നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കുന്നതോടെ പാലക്കാട്, ചിറ്റൂർ, കൊല്ലംകോട്, കുഴൽമന്ദം, മലമ്പുഴ ബ്ലോക്കുകളിലെ നെൽ കർഷകർക്ക് നേട്ടമുണ്ടാകും. കർഷകർ ഉത്പാദിപ്പിക്കുന്ന നെല്ല് വേഗത്തിൽ പ്ലാന്റിലെത്തിക്കുന്നതിനും പ്രീക്ലീനിംഗ് കഴിഞ്ഞ് സൈലോകളിൽ സ്റ്റോർ ചെയ്യുന്നവ ഗുണനിലവാരമുള്ള അരി ആക്കി മാറ്റുന്നതിനുമുള്ള പദ്ധതിയാണ് വിഭാവനം ചെയ്തിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ